# ഇടശ്ശേരിക്കവിതയുടെ ഊടുംപാവും

ഡോ. കെ. അയ്യപ്പപ്പണിക്കർ

എങ്ങനെയാണ് നമ്മൾ ഒരു കവിയുടെ സ്വത്വം തിരിച്ചറിയുന്നത്? കവിയുടെ തന്നെ പ്രസ്താവനകളിൽ പലപ്പോഴും ഒളിഞ്ഞിരിക്കുന്നത് വ്യാജസ്വത്വം ആയി എന്നു വരാം. സ്വന്തം സ്വത്വം കവിക്ക് തന്നെ മുഴുവൻ അറിയാൻ കഴിഞ്ഞെന്ന് വരില്ല. കവി എന്ന വ്യക്തിയുടെ നിയന്ത്രണത്തിലാവണമെന്നില്ല കവിയുടെ കാവ്യസ്വത്വം. എളുപ്പത്തിൽ ആളുകൾ സ്വീകരിക്കാനിടയുള്ള ഒരു അഭിപ്രായമല്ല ഇത്. ആദ്യകാലകവിതകളിൽ പരകീയസ്വാധീനത കുടിയിരിക്കും. കാവ്യസ്വത്വം രൂപപ്പെട്ടുവരുന്നത് ക്രമേണയാണെന്ന് പറയാം – പല കവികളിലും അങ്ങനെയാണു കാണുന്നത്. അപൂർവം ചിലർ ആദ്യ കൃതിയിൽതന്നെ സ്വത്വം കണ്ടെത്തുകയും വെളിപ്പെടുത്തുകയും ചെയ്തേക്കാം. ഇടശ്ശേരി ഗോവിന്ദൻനായരുടെ കാവ്യസ്വത്വം ക്രമേണ വികസിച്ച് ബലപ്പെട്ടുവന്നതാണ്. കവിത്രയപ്രഭാവത്തിൽ കവി പെട്ടിരുന്നു എന്നു പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കവി അതിൽനിന്ന് സ്വതന്ത്രനായിക്കഴിഞ്ഞിട്ടും നിരൂപകർ അതിൽത്തന്നെ വ്യാമുഗ്ധരായി തുടർന്നു. ലളിതകോമളകാന്തപദാവലികളും അവയിൽക്കൂടി ആവിഷ്കരിക്കാൻ കഴിയുന്ന വീണുകിട്ടിയ വിഷയങ്ങളും ഉപേക്ഷിച്ച് സ്വന്തവും സ്വതന്ത്രവുമായ നിലയിൽ ഉയിർത്തെഴുന്നേററ കവിയാണ് ഇടശ്ശേരി എന്ന അറിവ് നിരൂപകർക്ക് ലഭിക്കാൻ വൈകി. ഇതിനു ചെറിയൊരളവിൽ ഇടശ്ശേരിയുടെ ചില കവിതകൾ തന്നെ കാരണമായി ഭവിച്ചു. ജീവിതവീക്ഷണവും ഭാഷാശൈലിയും ആശയാവിഷ്കരണസമ്പ്രദായവും മാറിയിട്ടും മാറിയതായി അവർ കണ്ടില്ല–കണ്ടില്ലെന്ന് നടിച്ചു എന്നുപറയുന്നതും ക്രൂരമായിപ്പോകും. ഇടശ്ശേരി എന്ന മനുഷ്യന്റെ വ്യക്തിത്വത്തിലും എളുപ്പത്തിൽ ബോധ്യം വരാത്ത ഒരു ഘടകമുണ്ട്. പരാധീനതയിൽ നിന്നു കവി സ്വതന്ത്രനാകുന്നതിനെക്കാൾ വിഷമമാണെന്ന് തോന്നുന്നു, പരിചിതമായ ഒരു കാവ്യാനുശീലനസമ്പ്രദായത്തിൽനിന്ന് വായനക്കാരനും നിരൂപകനും മുക്തിനേടുക എന്നത്.

ഇരുപത്തൊന്നാം നൂററാണ്ടിൽ മലയാളവായനക്കാരൻ പുതിയ വായനയ്ക്ക് തയാറെടുക്കുമ്പോൾ ഇടശ്ശേരിക്കവിതകൾക്ക് പ്രത്യേക പ്രസക്തി കൈവരുന്നു.

കവിതയെ ഉപരിപ്ലവമായി മാത്രം സമീപിക്കുന്നതു കൊണ്ടുവന്ന ദുരിതം ഇടശ്ശേരിനിരൂപണത്തിനും വന്നുഭവിച്ചു. പ്രത്യക്ഷത്തിനപ്പുറമുള്ള ലോകമായിരുന്നു ഇടശ്ശേരി എന്ന കവിക്കും വ്യക്തിക്കും പ്രിയങ്കരം. “ക്ഷേത്രദർശനകുതുകിയല്ലെങ്കിലും ആസ്തികനായിരിക്കുക”, “സ്വന്തം വേദനകളെ തരിമ്പും പുറത്തു കാണിക്കാതിരിക്കുക” എന്നിങ്ങനെ ഇടശ്ശേരിയെപ്പററി എഴുതിയിട്ടുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുള്ള സ്വഭാവം കവിക്കും വ്യക്തിക്കും കവിതയ്ക്കും ബാധകമാണ്. താൻ മററു പലരിൽനിന്നു വ്യത്യസ്തനാണെന്ന് കഥാപാത്രഭാഷണത്തിലൂടെ അദ്ദേഹം ഒതുക്കിപ്പറയുന്നുമുണ്ട്.

‘എനിക്കുരസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ.’

ഈ നിമ്നോന്നതം വെട്ടുവഴി നിരപ്പാക്കിയാൽ പിന്നെ തേരുരുട്ടുന്നതിലെന്തുരസം? ഇരുൾക്കുഴിമേലുള്ള ഈ തേർതെളിക്കൽ ഇടശ്ശേരിക്കവിതയിലെ പരോക്ഷസംവേദനത്തിലേക്ക്, അന്തസ്സന്നിവേശപ്രക്രിയയിലേക്കു വഴി തെളിയിക്കുന്നു. പ്രത്യക്ഷമായ ഈ വൈവിധ്യത്തെപ്പററി കവി ബോധവാനായിരുന്നു.

“ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലത്തും അലട്ടിക്കൊണ്ടിരിക്കുന്ന വിശപ്പിനെയും സ്നേഹശൂന്യതയെയും പ്രതിപാദിക്കേണ്ടി വരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്ത്വശാസ്ത്രങ്ങളുടെ നേർക്കു വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതുകാരണം ഗാന്ധിജിയെപ്പിടിച്ചു പലപ്പോഴും ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യംചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതായി കാണാം.”

“ഗാന്ധിഭക്തനും മാർക്സിയൻ തത്ത്വശാസ്ത്രമെന്തെന്നു പഠിക്കാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ ചില കാവ്യങ്ങൾ പലതും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രചാരണ സാഹിത്യശേഖരത്തിലേക്കു പാകമായി. ജീവിത പരാജയത്തിന് ഒരു കാരണംകൂടി. കോൺഗ്രസ്സുകാർക്ക് ചുവന്ന പാർട്ടിക്കാരനാണ്, ചോപ്പനോ ഞാൻ വെള്ളത്തൊപ്പിക്കാരനും! പക്ഷേ, മറന്നുകൂടാ, കവിയുടെ സ്വൈരജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറെറാന്നില്ല.”

കവിതയിലെയും ജീവിതത്തിലെയും പ്രത്യക്ഷവൈരുധ്യങ്ങളെ അദ്ദേഹം വിലയിരുത്തുന്നതിന്റെ കൂട്ടത്തിൽ അവസാന വാക്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആ 'സ്വൈരജീവിത' പ്രയോഗം ഇടശ്ശേരിത്തം വെളിപ്പെടുത്തുന്നു. ഈ വൈരുധ്യസൗന്ദര്യം കണ്ടെത്തിയ അപൂർവം ചില നിരൂപകരിലൊരാളാണ് സി.ജെ.തോമസ്. 'പണിമുടക്കം' എന്ന കവിതയ്ക്കെഴുതിയ അവതാരികയിൽ "രാജ്യദ്രോഹിയായ ഇടശ്ശേരി" എന്ന ശീർഷകത്തിൽ പ്രത്യക്ഷഭർത്സനം കൊണ്ട് സി.ജെ. ഇടശ്ശേരിയിലെ സ്വത്വം വ്യക്തമാക്കുന്നു.

'കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്ന വരികളെ സി.ജെ. നേരിടുന്നത് വിരോധയുക്തിയോടെയാണ്. "വിധ്വംസകമായ ഈ ദുരുപദേശം" ആവർത്തിച്ചാവർത്തിച്ചിരിക്കുകയാണ് എന്തൊരു ധിക്കാരം! അതുകൊണ്ട്

'സമുദായംകേൾക്കുന്നു പൂതലോടും
തനതസ്തിവാരത്തകർച്ച നീളെ'

എന്നാണയാൾ ഭ്രമിക്കുന്നത്. എടോ ഇടശ്ശേരി, താൻ വ്യാമോഹിക്കുകയാണ്. ഋഷിപുംഗവന്മാരുടെയും ശിവജിമാരുടെയും പാരമ്പര്യമുള്ള ഭാരതത്തിൽ ഈ ചരക്ക് ചെലവാകുകയില്ല.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ'

ഇടശ്ശേരിയെ കണ്ടെത്താനുള്ള മാർഗം ഈ പരോക്ഷദർശനമാണ്. പലരും ഇടശ്ശേരിക്കവിതയെ അക്ഷരാർഥത്തിൽ എടുത്ത് ശക്തിയുടെ കവി എന്ന് മുദ്രചാർത്തിയിട്ടുണ്ട്. ഈ മുദ്ര ചാർത്തലിൽ നിന്ന് ആർക്കും അക്കാലത്തു രക്ഷപ്പെടാൻ സാധ്യമായിരുന്നില്ല. സി.ജെ. മുദ്രയ്ക്കപ്പുറം പോയി ഇടശ്ശേരിയുടെ അന്തസ്സത്ത വ്യക്തമാക്കിത്തരുന്നു. അത്തരത്തിൽ ഒരവതാരിക സി.ജെക്കു മാത്രമേ എഴുതാൻ കഴിയുമായിരുന്നുള്ളൂ. അതു ചേർത്തു പ്രസിദ്ധീകരിക്കാൻ അന്ന് ഇടശ്ശേരി എന്ന കവിക്കുമാത്രമേ സാധിക്കുമായിരുന്നുള്ളൂ.

കാരണം ഇടശ്ശേരിയുടെ വഴി ഇടപ്പള്ളി മാർഗത്തിൽനിന്നു വ്യത്യസ്തമാണ്. സരളമോ മസൃണമോ റബറൈസ്ഡ് പോലുമോ അല്ല ആ വഴി, അത്രയ്ക്കു നിമ്നോന്നതമാണ്. ശക്തി അല്ല, ശക്തിയിൽ ഉൾക്കൊള്ളുന്ന കാരുണ്യമാണ്, ആർദ്രതയാണ്, ഇടശ്ശേരിക്കവിതയിൽക്കാണാവുന്നത് എന്നു മററു നിരൂപകർ പറഞ്ഞുകൂടെന്നില്ല. വാസ്തവത്തിൽ ഒരു കവിയിലും ഒരേകഭാവം മാത്രമല്ല, ഏകരസം മാത്രമല്ല നമുക്കുകാണാവുന്നത്. അങ്ങനെ ചുരുക്കിപ്പറയാമെങ്കിൽപ്പിന്നെ ആ ഒരു വാക്കു മാത്രം എഴുതിവച്ചാൽ മതിയായിരുന്നല്ലോ. ആശാനെ വിഷാദാത്മകനായി മാത്രം കാണുന്നത്, ഇടപ്പള്ളിയിൽ പോലും ദുഃഖത്തിനുള്ളിലെ ജീവിതരതി കാണാതിരിക്കുന്നത്, ശങ്കരക്കുറുപ്പിന്റെ പൊതുക്കാര്യക്കവിതകളിലൂടെ മാത്രം അദ്ദേഹത്തിന്റെ കവിത്വം അളന്നു നോക്കുന്നത്- എല്ലാം അതിലഘൂകരണത്തിന്റെ ഫലമാണ്. കവിയെയും കവിതയെയും അവയുടെ സമഗ്രതയിൽ ദർശിക്കാൻ അനുവാചകനും നിരൂപകനും ശ്രമിക്കേണ്ടതാണ് എന്ന് ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ.

പണിമുടക്കം, പുത്തൻകലവും അരിവാളും, കാവിലെ പാട്ട്, ചകിരിക്കുഴികൾ, കറുത്ത ചെട്ടിച്ചികൾ, പെങ്ങൾ, പൂതപ്പാട്ട്, വരദാനം, അമ്പാടിയിലേക്കു വീണ്ടും, അശോകമഞ്ജരി തുടങ്ങിയ കവിതകളിലെല്ലാം പ്രത്യക്ഷദൃശ്യത്തെ നിരാകരിച്ച് പരോക്ഷസത്യത്തെ കൊണ്ടാടാനുള്ള ഒരു വാസന കാണാം. ഭാഷയിലും ശൈലിയിലും കാണുന്ന ആർജവവും പരുക്കൻമട്ടും കവിതയിലേക്കു വായനക്കാരനെ ഹഠാദാകർഷിക്കാതിരിക്കാനുള്ള ശ്രമമാണെന്നു പറയാം. ദ്രാക്ഷാപാകമല്ല ഇടശ്ശേരിക്കു പഥ്യം. ഇടപ്പള്ളിക്കവിതകൾക്കുള്ള സ്വരമാധുര്യവും വശീകരണശക്തിയും ഒഴിവാക്കിക്കൊണ്ട് ഗ്രാമീണഭാഷയുടെ ഓജസ്സും ന്യൂനോക്തിപ്രതിപത്തിയും ഇടശ്ശേരിക്കു കൈമുതലാണ്. ചിന്തേരിട്ടു മിനുക്കി മണവും ഗുണവും പോയ വാക്കുകൾ ഇടശ്ശേരിക്കു പഥ്യമല്ല. 'കവിതകെട്ടുക' എന്ന മട്ടിൽ കുത്തിയിരുന്നു തേച്ചുകഴുകി കവിതയെഴുതുന്ന സമ്പ്രദായമല്ല അദ്ദേഹത്തിന്റേത്. ശൈലിയിലെ പരുക്കൻ സ്വഭാവം പ്രമേയത്തിന്റെ ആവിഷ്കാരത്തിലും കാണാം. ഒരുതരം നാളികേരപാകത്തോടുള്ള അമിതമായ താൽപ്പര്യം ഒഴുക്കൻ മട്ടിലുള്ള ഉദാസീനവായനയെ നിരുത്സാഹപ്പെടുത്തുന്നു. അദ്ദേഹം തന്റേതായ അനുവാചകനെ തിരഞ്ഞെടുക്കുന്ന പ്രക്രിയ ശ്രദ്ധേയമാണ്. ഇതാണെന്റെ കവിത – ഇത് ഇഷ്ടപ്പെടുന്നവർ മാത്രം ഇങ്ങോട്ടു വന്നാൽമതി. അക്കാര്യത്തിൽ അദ്ദേഹത്തിനു വിട്ടുവീഴ്ചയില്ലായിരുന്നു. പ്രചാരത്തിലുള്ള ശൈലി ഉപയോഗിച്ച് വായനക്കാരെ അദ്ദേഹം വശീകരിക്കാൻ ശ്രമിച്ചില്ല. ശൈലിയിലുള്ള ഈ പ്രത്യേകത കാവ്യരചനയിലും കാണാം. കാവിലെ പാട്ടും പൂതപ്പാട്ടും നാടോടി സമ്പ്രദായം അവലംബിക്കുന്നതായി തോന്നാം. അനുഷ്ഠാനങ്ങളുടെ വന്യമോ പ്രാകൃതമോ ആയ ഘടന നിലനിർത്തിക്കൊണ്ടുതന്നെ ഉള്ളിലെ ആർദ്രഭാവം വെളിപ്പെടുത്തുന്ന ഈ സമ്പ്രദായം ഏററവും സമർഥമായി ഉപയോഗിച്ചിട്ടുള്ള മലയാളകവി ഇടശ്ശേരിയാണ്. തന്റെ ഇടം ഇതാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. രൗദ്രത്തിൽ കരുണ ഉൾക്കൊള്ളിക്കുന്നതും നാടൻമട്ടാണ്. അതിഭാവുകത്വം ഒഴിവാക്കാനുള്ള ഒരു മാർഗവുമാണത്. ഇത്തരം പ്രത്യക്ഷപരോക്ഷവൈരുധ്യം ഇടശ്ശേരിക്കവിതയുടെ ഈരിഴച്ചേരുവയാണ്. കുട്ടികൃഷ്ണമാരാർ 'ബലേ'

പറഞ്ഞഭിനന്ദിച്ച 'വരദാന'ത്തിലെ ആ രണ്ടു വരികൾ ഇടശ്ശേരിയുടെ ജീവിതവീക്ഷണം മാത്രമല്ല, കാവ്യസങ്കല്പവും വ്യക്തമാക്കുന്നു.

'ദൈവത്തെക്കൊണ്ടുപാവിട്ടും
മർത്ത്യനൂടായുമങ്ങനെ
നെയ്തുവെച്ചൊരു സാമൂഹ്യ-
ജീവിതം ചിരസുന്ദരം'

ദൈവവും മർത്ത്യനും – ആധ്യാത്മികവും ലൗകികവും എന്നു പറയാമെന്നു തോന്നുന്നു. ഊടും പാവുമായി നെയ്യുന്നതാണ് സുന്ദരമായ സമൂഹജീവിതം – സുന്ദരമായ കവിതയും. "പാവിട്ടും എന്നും ഊടായും" എന്നും പറയുമ്പോൾ അൽപ്പം ക്ലിഷ്ടത തോന്നാം. അത് ആ ഊടും പാവും ഇണക്കുന്നതിലുള്ളതു തന്നെയാണ്. ആരു പറഞ്ഞു സൗന്ദര്യം അക്ലിഷ്ടവും ചുളുവിൽ കിട്ടുന്നതുമാണെന്ന്? ചെവിക്കിമ്പം കുറച്ച് മനസ്സിന് ഉല്ലാസം നൽകാൻ ബാഹ്യശിൽപ്പം നിയന്ത്രിക്കണമെന്നാണ് ഇടശ്ശേരിമതം. ഇടശ്ശേരിക്കവിതയ്ക്ക് ഇന്നും ജനപ്രീതി നേടാനുള്ള വൈഷമ്യം ഈ വിട്ടുവീഴ്ചയില്ലായ്മ കൊണ്ടുണ്ടാവുന്നതാണ്. സ്വത്വം കളഞ്ഞുള്ള ഒരു കളി ഇടശ്ശേരിക്കവിതയിൽ കാണില്ല. ഇടശ്ശേരിയുടെ അനുകർത്താക്കൾ അദ്ദേഹത്തിന്റെ കവിതയുടെ ബാഹ്യശിൽപ്പം സമർഥമായി അനുകരിക്കുന്നുണ്ടെങ്കിലും അതിന്റെ ആന്തരശിൽപ്പം അവർക്കു സംസിദ്ധമായിട്ടുണ്ടെന്നു പറയാൻ വയ്യ. അതുകൊണ്ടാണ് മലയാളത്തിൽ 'പൂതപ്പാട്ട്' ഒന്നേ ഉള്ളു, ഉണ്ടാവുകയുള്ളു എന്നു നമുക്കുപറയാൻ തോന്നുന്നത്. ഇടശ്ശേരിക്കൃതികളിൽത്തന്നെ അതിനുള്ള അദ്വിതീയസ്ഥാനം ചോദ്യം ചെയ്യാവുന്നതല്ല.

പരുക്കൻ ഭാഷ ആർക്കും ഉപയോഗിക്കാം – പക്ഷേ, അതിനുള്ളിലെ മാർദവം എല്ലാവർക്കും കിട്ടുകയില്ല. വൈരുധ്യങ്ങളുടെ സഹവർത്തിത്വം കാണുന്ന ഒരാൾക്കു മാത്രമേ ഇതുപോലെ ബാഹ്യാന്തര – ഊടും പാവും വിരുദ്ധദിശയിൽ വർത്തിച്ചാലേ നല്ല തുണി കിട്ടുകയുള്ളു എന്ന് മനസ്സിലാക്കാൻ കഴിയൂ. ഗദ്യത്തിലുള്ള കുറിപ്പും പദ്യത്തിലുള്ള ആഖ്യാനവും ചേർന്ന പൂതപ്പാട്ടിന്റെ ഘടനയിലും ഈ ഊടുംപാവും ഇണക്കുന്നതു വ്യക്തമായി കാണാം. കവിതകളെക്കുറിച്ചുള്ള ഇടശ്ശേരിക്കുറിപ്പുകൾ കവിതപോലെതന്നെ മനോഹരവും അർഥപൂർണവും ആണ്.

പൂതപ്പാട്ടിന്റെ മുഖക്കുറി ഇങ്ങനെയാണ്:

'കുട്ടിക്കാലത്ത് അയൽക്കാരേക്കാൾ അടുത്തു പരിചയം എനിക്ക് ദേവതകളെ ആയിരുന്നു. ഞാൻ ദുശ്ശാഠ്യം പിടിച്ച് കരയുന്നതുതന്നെ ശ്രദ്ധിച്ച് മച്ചിനകത്ത് ചുകന്ന ചകലാസും മൂടിപ്പുതച്ചിരിക്കുന്ന മൂപ്പർ; മുററത്തെ പിച്ചകവള്ളിപ്പടർപ്പ് വേനലറുതിയിൽ തൂനിലാവിൽ നിറയെപ്പൂക്കുമ്പോൾ അവിടെ ചുററിപ്പററി നിൽക്കുന്ന വെള്ള വസ്ത്രക്കാരനായ രക്ഷസ്; തണ്ണീരാമൃതോടുകൂടി ഏട്ടൻ പതിഞ്ഞ സ്വരത്തിൽ സ്തോത്രം ചൊല്ലി മണികിലുക്കി പൂജകൊടുക്കുന്ന ഭുവനേശ്വരി, ഇടയ്ക്ക് രാത്രി പതിവിലും വൈകി അർധബോധാവസ്ഥയിൽക്കയറിവന്ന് താഴത്തെകോലായിൽ കുറച്ചിട മലർന്നു കിടന്ന് പിന്നെ ഒരു കിണ്ടിവെള്ളം കുടിച്ചശേഷം എന്റെ മററൊരേട്ടൻ, താൻ മറികടന്നുപോന്നതായി വിവരിച്ചു കേട്ട 'തേർവാഴ്ച'യിലെ മുല്ലപ്പൂമണക്കാരിയായ യക്ഷി; കഥപറയലിൽ മിടുക്കിയായ ചെറിയേടത്തി, ഉറങ്ങാൻ കിടക്കുമ്പോൾ, തുറന്നിട്ട വടക്കേ ചാരോടിയിൽക്കൂടി ദൂരത്ത് ഒഴിഞ്ഞ കുന്നിൻചെരുവിൽ പ്രത്യക്ഷപ്പെടുന്നതും പൊട്ടിച്ചൂട്ടെന്ന പേരിൽ അറിയപ്പെടുന്നതും അദ്ഭുതകരവുമായ വെളിച്ചങ്ങൾ കാട്ടിത്തന്ന് ആ പ്രകാശപുഞ്ജങ്ങളുടെ നായികയായ പൊട്ടിപ്പിശാചിനെക്കുറിച്ച് പറഞ്ഞുതന്ന ആഖ്യാനങ്ങൾ; ഇത്തരം ദേവതകളുടെ അസ്തിത്വം ഒരിളം മനസ്സിൽ ബോധ്യപ്പെടുമാറ് ഗ്രീഷ്മാരംഭത്തോടുകൂടി എല്ലാവീടുകളിലും തുടികൊട്ടും കുഴൽവിളികളുമായിക്കയറിവരുന്ന വിവിധ വേഷക്കാരായ പൂതങ്ങൾ – നേരുപറയട്ടെ, ഇവരോടെല്ലാം ഇന്നും എന്റെ മനസ്സിനുള്ള മമതയും വേഴ്ചയും മററാരോടുമില്ല. ഈ പലതായ സാങ്കേതികതേജസുകൾ ഞാൻ കണ്ടറിഞ്ഞ പൊട്ടിച്ചൂട്ടുപോലെ പൊട്ടിപ്പിരിഞ്ഞും കെട്ടിപ്പിണഞ്ഞും ഉണ്ടായ ഒരു ദേവതാസങ്കല്പമാണ് ഈ കവിതയിലെ പൂതം. ആഖ്യാനരീതി കവിതയെഴുതാത്ത ചെറിയേടത്തിയുടെ കഥാകഥനരീതിയെ അനുസ്മരിപ്പിക്കുന്നതും.'

ഇത്രയും വിശദമായി കാര്യം പറഞ്ഞിട്ടും അതു കവിതയുടെ സ്ഥാനം കവർന്നെടുക്കുന്നില്ല എന്നു കാണിക്കാനാണ് ദീർഘമായ ഉദ്ധരണി കൊടുത്തത്. മററു പല കവികളും എഴുതുന്ന കുറിപ്പുകൾ പലപ്പോഴും അധികപ്പററാണ്; ചിലപ്പോഴൊക്കെ കവിതയെക്കാൾ നന്നാകുകയും കവിതയെ അപ്രസക്തമാക്കുകയും ചെയ്യാറുണ്ട്. നാടകീയമായ ആഖ്യാനം ഈ കവിതയ്ക്ക് ചടുലതയും അസാധാരണമായ ഗഹനതയും നൽകുന്നു. പൂതത്തിന്റെ വർണന; എവിടെ നിന്നു വരുന്നുവെന്നകാര്യം; അവൾ എന്തെല്ലാം ചെയ്യുന്നുവെന്ന്; പൂതത്തിന്റെ വ്യസനം, വ്യസനകാരണം, ഉണ്ണിയുടെ വരവ്; ഉണ്ണിയെ കാണാതാവുന്നത്, അമ്മയും പൂതവും; പൂതത്തിന്റെ വഞ്ചന, ഉണ്ണിയെ തിരികെ കിട്ടുന്നത്; ആണ്ടിലൊരിക്കൽ പൂതം വരാനുള്ള നിർദേശം; പൂതത്തിന്റെ തേങ്ങൽ-ഒരു മിത്തിന്റെ പരിവേഷം ചാർത്തി ഈ അനാദിസങ്കല്പത്തെ നാടകീയമായി അവതരിപ്പിക്കുന്നതിൽ ഇടശ്ശേരി തന്റെ കഴിവു

മുഴുവൻ ചെലവാക്കിയെന്നു നമുക്കു തോന്നും. അമ്മയുടെ വിങ്ങലും പൂതത്തിന്റെ തേങ്ങലും കൊണ്ട് ഊടുംപാവും ഇണക്കിയിരിക്കുന്നു ഈ കവിതയിൽ – മനുഷ്യനും ദൈവവും ഇവിടെ മുഖത്തോടുമുഖം അടുക്കുന്നു; ആധ്യാത്മികതയും ലൗകികതയും ഇടശ്ശേരിക്കവിതയ്ക്ക് ഊടുംപാവും ഇണക്കുന്നു. മതവിശ്വാസമല്ല ഇവിടെ പ്രധാനം – കവിത തന്നെ ഒരു വിശ്വാസമായി മാറുന്നു– ജീവശ്വാസം പോലെ. പച്ചമലയാളത്തിൽ നാടോടിശൈലിയിൽ എല്ലാം പറഞ്ഞുവെന്നു തോന്നിക്കുമ്പോഴും എല്ലാം പറയാതിരിക്കുന്നതാണ് ഈ കവിതയുടെ ചാരുത. നമ്മുടെ നാവിലിട്ടു നുണഞ്ഞാലേ ഈ കാവ്യതത്വം രസനീയമാവുകയുള്ളു.

ഒരുപക്ഷേ, ഇടശ്ശേരിയുടെ എല്ലാ കവിതകൾക്കും ഈ തത്വം ബാധകമാകണമെന്നില്ല. ഒരു കവിയുടെ എല്ലാ കവിതകളും ഒരുപോലെ ശ്രേഷ്ഠമായെന്നു വരില്ല. എങ്കിലും ചന്ദനത്തിന്റെ പൊടിക്കാമ്പുകളിലും ചന്ദനഗന്ധം സ്ഫുരിച്ചേക്കാമെന്നുള്ളതുകൊണ്ട് എല്ലാം ശ്രദ്ധിച്ചു വായിക്കേണ്ടതാണെന്നു പറയാം. ആവാഹിച്ചു കളത്തിലിരുത്താനോ ഉഴിഞ്ഞു കള്ളികളിലൊതുക്കാനോ അല്ല, തുറന്ന മനസ്സോടെ കവിതയ്ക്കനുസരിച്ച് കാവ്യസിദ്ധാന്തം ഒരുക്കുന്നതാണ് അഭികാമ്യം എന്നു ബോധ്യപ്പെടാൻ വേണ്ടി, ഗൗരവമായി സമീപിക്കേണ്ട ഒരു വിഷയമാണ് ഇടശ്ശേരിക്കവിത എന്നു സഹൃദയരും നിരൂപകരും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട് എന്നതൊരാശ്വാസം തന്നെ. ഭാവവൈവിധ്യവും രസവൈചിത്ര്യവും അതിൽ കാണാൻ കഴിയുമെന്ന് വായനക്കാരെ മനസ്സിലാക്കേണ്ടത് നിരൂപകധർമമാണെന്ന് പ്രത്യേകിച്ചും പറയേണ്ടല്ലോ.

ഇടശ്ശേരിയുടെ നാടൻമട്ടിലുള്ള കവിതയായി പലരും കണക്കാക്കുന്ന പൂതപ്പാട്ടിന്റെ ആഖ്യാനരീതിയെക്കുറിച്ചുകൂടി ഒരു വാക്കു പറയട്ടെ. "കവിതയെഴുതാത്ത ചെറിയേടത്തിയുടെ കഥാകഥനരീതിയെ അനുസ്മരിപ്പിക്കുന്നു" എന്ന കവിയുടെ കുറിപ്പ് കൃതിയുടെ സങ്കീർണത മറയ്ക്കാനുള്ള ഒരു തന്ത്രവും കൂടിയാണ്. ആ കഥാകഥനരീതിയിൽ കേവലം ഒരു പഴങ്കഥ പോലെയാണ് പൂതത്തിന്റെ കഥ പറയുന്നത്. പറയുന്ന ആളിന്റെ കാഴ്ചപ്പാടും സ്വരഭേദവും എല്ലാം ഈ കഥനരീതിയിൽ സ്ഫുരിക്കുന്നുണ്ട്. ഇടശ്ശേരി എന്ന കവിയോ വ്യക്തിയോ അല്ല കഥ പറയുന്നത് എന്നു തോന്നിപ്പിക്കുമ്പോൾ പൂതത്തിനും പൂതത്തിന്റെ രൗദ്രകരുണമായ കഥയ്ക്കും ഒരു പുതിയ അർഥവിതാനം കൈവരുന്നു. പക്ഷേ, ആഖ്യാനം നിഷ്കളങ്കവും ലളിതവും ആണെന്ന തോന്നൽ നിലനിൽക്കുന്നു. ആഖ്യാനത്തിലെ ഊടും പാവും ഇങ്ങനെ സങ്കീർണതാലാളിത്യങ്ങളെ തഴുകിമായ്ക്കുന്നു. കഥനവസ്ത്രത്തിന്റെ ഇഴയടുപ്പം കവി ഇങ്ങനെ സ്വയം മാറിനിന്ന് കാട്ടിത്തരുന്നു. എഴുത്തുകാരൻ അദൃശ്യനാകുമ്പോൾ എഴുത്തിനു മിഴിവു കിട്ടുന്നു എന്ന് ഇടശ്ശേരിക്ക് അറിയാം. ആത്മകഥാകഥനവ്യഗ്രനല്ല നല്ല എഴുത്തുകാരൻ എന്നുകൂടി ഇടശ്ശേരി പരോക്ഷസൂചന നൽകുന്നു. "എവിടെ നിന്നാണിപ്പൂതം വരുന്നത്, നിങ്ങൾക്കറിയാമോ?" എന്നും മററും ഉള്ള ഇടച്ചോദ്യങ്ങൾ കവിയും കഥയും തമ്മിലുള്ള അകൽച്ച സൂചിപ്പിക്കാൻ കൂടി വേണ്ടിയാണ്. "ഈ അസത്ത് പൂതത്തിന് എന്തിനാ നമ്മള് നെല്ലും മുണ്ടും ഒക്കെ കൊടുക്കുന്നത് എന്നല്ലേ?" എന്നും മററുമുള്ള ഗ്രാമ്യസംഭാഷണരീതി കഥാകഥനത്തിന് ആസ്വാദ്യത വർധിപ്പിക്കുന്നു. ഇതെല്ലാം ചെറിയേടത്തിയുടെ കഥാവൈഭവത്തിന് ഉദാഹരണമാണെന്ന മട്ടിൽ കവി മറഞ്ഞുനിൽക്കുന്നു. ശ്രദ്ധിച്ചും ആവർത്തിച്ചും വായിക്കുമ്പോൾ അർഥപ്പൊലിമ അനുഭവപ്പെടുന്ന കവിതയാണ് കവിത. അത് പൂതപ്പാട്ടിൽ സുവ്യക്തമാണ്. ഇടശ്ശേരിയുടെ കാവ്യസ്വത്വം ഇവിടെ ധന്യത നേടുന്നു.